# RAY of HOPE

**സംസ്ഥാനത്തെ സർവകലാശാലകളുടെ ചരിത്രത്തിൽ ആദ്യമായി വിദ്യാർഥികൾ തന്നെ ഷെയർ സ്വരൂപിച്ച് ആരംഭിച്ച സോഫ്റ്റ്‌വെയർ സ്ഥാപനം ലക്ഷങ്ങളുടെ വിറ്റുവരവിലേക്ക് വളർന്നതിനെപ്പറ്റി**




ടി. അജീഷ്

പതിവു സെമിനാറിന് ഇടയ്ക്കാണ് ആരോ ആ നിർദേശം മുന്നോട്ടുവച്ചത്. പക്ഷേ, അതൊരു തമാശയായേ എല്ലാവരും എടുത്തുള്ളൂ. ഡോ. ഉമ്മൻ പി. ഉമ്മനും ഡോ. അച്യുത് ശങ്കറും പറഞ്ഞു, തമാശയായി തള്ളരുതെന്ന്. എന്തുകൊണ്ട് നിങ്ങൾക്കാ നിർദേശം പ്രാവർത്തികമാക്കിക്കൂടാ?

വിനീതമായ ആ നിർദേശം പ്രകാശത്തിന്റെ കിരണമായി. സൂര്യകിരൺ എന്നു പേരുമിട്ടു. കേരള സർവകലാശാലാ കാര്യവട്ടം ക്യാംപസിൽ നിന്ന് സൂര്യകിരൺ ബയോ ഇൻഫർമാറ്റിക്സ് എന്ന പേരിൽ വിദ്യാർഥികളുടെ സോഫ്റ്റ്‌വെയർ ഡവലപ്മെന്റ് കമ്പനിയുടെ ആദ്യകിരണം വരുന്നതു സെമിനാറിനിടയ്ക്കുള്ള അഭിപ്രായത്തിൽ നിന്ന്. സംസ്ഥാനത്തെ സർവകലാശാലകളുടെ ചരിത്രത്തിൽ ആദ്യമായി വിദ്യാർഥികൾ തന്നെ ഷെയർ സ്വരൂപിച്ച് ആരംഭിച്ച സോഫ്റ്റ്‌വെയർ സ്ഥാപനം. 25,000 വീതം മുതൽമുടക്കി സെന്റർ ഫോർ ബയോ ഇൻഫർമാറ്റിക്സിലെ എംഫിൽ വിദ്യാർഥികൾ തുടങ്ങിയ കമ്പനി ഇപ്പോൾ ലക്ഷങ്ങളുടെ ലാഭത്തിലാണ്.

ബയോ ഇൻഫർമാറ്റിക്സ് ആദ്യ ബാച്ചിലെ എട്ടുപേരാണ് കമ്പനി ഡയറക്ടർമാർ. 2006 മാർച്ചിൽ കമ്പനി റജിസ്റ്റർ ചെയ്തു. പ്രവർത്തനം തുടങ്ങിയത് ജൂണിൽ. കംപ്യൂട്ടർ പശ്ചാത്തലമുള്ള നാലു പേരും ബയോളജി പശ്ചാത്തലമുള്ള നാലു പേരും. കേരളത്തിലെ ആദ്യത്തെ ബയോളജി സോഫ്റ്റ്‌വെയർ കമ്പനിയാണു സൂര്യകിരണെന്ന് സിഇഒ വി.എം. ശ്രീജിത് പറയുന്നു. ലിജോ, ജൂബി, ഷെറിൻ, വിപിൻ എന്നിവരാണ് ഇപ്പോൾ മുഴുവൻ സമയവും സൂര്യകിരണിനു പിന്നിലുള്ളത്. വേറെ ജോലി കിട്ടിയിട്ടും പോകുന്നില്ല. ഗോപകുമാർ, ബെറ്റ്സി, അനൂപ്, ദീപ എന്നിവർ പല ഘട്ടങ്ങളിലായി പ്രവർത്തിച്ചു.

അമേരിക്കയിലെ ആർഗസ് ബയോസയൻസസ് എന്ന സ്ഥാപനത്തിനു വേണ്ടിയാണ് ആദ്യമായി സോഫ്റ്റ്‌വെയർ തയാറാക്കിയത്. ജെൻസ്നിപ്. അമ്മയുടെ പരമ്പര തിരിച്ചറിയാൻ സാധിക്കുന്നതിനാണ് സെൻസ്നിപ് ഉപയോഗിക്കുന്നത്. ഇത് വിജയമായതോടെ ആർഗസിനു വേണ്ടി സിഫ്റ്റർ എന്ന സോഫ്റ്റ്‌വെയറും തയാറാക്കി.

ജപ്പാനിലെ റൈക്കൺ റിസർച്ച് ഗ്രൂപ്പിനായാണ് ഇപ്പോൾ പ്രധാനപ്പെട്ടൊരു സോഫ്റ്റ്‌വെയർ തയാറാക്കുന്നത്. സിനിട്രോ ടൊമൊനാഗ, ഹിഡെക്കി യുക്കാവ എന്നീ നൊബേൽ ജേതാക്കളെ സൃഷ്ടിച്ച പാരമ്പര്യമാണ് റൈക്കൺ ഗ്രൂപ്പിനുള്ളത്.

രണ്ടു ലക്ഷം മുതൽമുടക്കിൽ തുടങ്ങിയ കമ്പനിയുടെ ആദ്യവർഷത്തെ വിറ്റുവരവ് 25 ലക്ഷം രൂപ. റൈക്കൺ ഏൽപ്പിച്ച ജോലി തീരുമ്പോൾ ലക്ഷങ്ങളുടെ മടങ്ങു വർധിക്കും. ഇൻസ്ട്രി ഇൻക്യുബേഷൻ സെന്ററിന്റെ സിഇഒ ഡോ. ഉമ്മൻ പി. ഉമ്മൻ, ബയോ ഇൻഫർമാറ്റിക്സ് ഡയറക്ടർ ഡോ. അച്യുത് ശങ്കർ എന്നിവർ സൂര്യകിരണിന്റെ ശക്തിക്കു മുതൽക്കൂട്ടായെന്നു ശ്രീജിത് പറഞ്ഞു.